പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

273(2742) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലും ക്ഷേമനിധി ബോർഡുകളിലും 10 വർഷമായി ജോലി നോക്കുന്ന എത്ര താല്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 10 വർഷമായി ജോലി നോക്കിയിരുന്നവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; അവരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളിൽ മൂന്നുപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാരിന്റെ 27-7-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 96/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ദിവസ വേതനത്തിൽ ജോലി ചെയ്തിരുന്ന ഒരാളെ 1-6-2015-ന് പാലാ ഉപകാര്യാലയത്തിൽ സ്ഥിരപ്പെടുത്തി നിയമിച്ചിട്ടുണ്ട്. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി നോക്കിയിരുന്ന വികലാംഗർക്ക് പുനഃസ്ഥിര നിയമനം നൽകിയതുവഴി ഒരു ക്ലാർക്കിനെ 27-9-2013 മുതൽ സ്ഥിരനിയമനം നൽകി നിയമിച്ചിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ബോർഡിൽ ജി.ഒ.(പി)നമ്പർ 40/13 സാമൂഹിക നീതി വകുപ്പ് തീയതി 18-5-2013 പ്രകാരം എംപ്ലോയ്മെന്റ് വഴി പ്രവൃത്തിയെടുത്ത ഒരാളെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താത്കാലിക ജീവനക്കാരായിരുന്ന ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല. കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) ഉത്തരം ബി-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly